**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4553** **25-06-2019 ൽ മറുപടിക്ക്**

**നെയ്യാർ റിസർവോയറിന് സമീപം അഞ്ചുചങ്ങല പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ നെയ്യാർ റിസർവോയറിന് സമീപം അഞ്ചുചങ്ങല പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവന്ന നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) അഞ്ചുചങ്ങല പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 04.07.2018 ന് റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ഒരു മീറ്റിംഗ് കൂടുകയും പ്രസ്തുത മീറ്റിംഗിലെ തീരുമാനപ്രകാരം 08.08.2018 ന് റവന്യൂ-വനം-ജല വിഭവ വകുപ്പുകളുടെ ഒരു സംയുക്ത സ്ഥല പരിശോധന നടത്തുകയും പ്രസ്തുത സ്ഥല പരിശോധനയിൽ അഞ്ചുചങ്ങല പ്രദേശം ഉൾപ്പെട്ടുവരുന്ന ജല വിഭവ വകുപ്പിന്റെ കൈവശമുള്ള പ്രദേശം പൂർണ്ണമായും സർവ്വെ ചെയ്ത് ഡിമാർക്കേറ്റ് ചെയ്യുമ്പോൾ മാത്രമേ MFL +1+10 പ്രകാരമുള്ള നിയന്ത്രിതമായ ഭൂമി സർവ്വെ ചെയ്യാൻ സാധിക്കുവെന്നും കണ്ടെത്തുകയും ചെയ്തിരുന്നു. പ്രസ്തുത സർവ്വെ നാളിതുവരെ തുടരുവാൻ സാധിച്ചിട്ടില്ല. |
| (ബി) അഞ്ചുചങ്ങല പ്രദേശത്ത് താമസിക്കുന്ന ആൾക്കാർക്ക് പട്ടയം യും ലഭിക്കാത്തതിനാൽ വസ്തു ക്രയവിക്രയം നടത്താനോ ലോണെടുക്കാനോ യും കഴിയാത്ത സ്ഥിതി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;<br>(സി) തടസ്സങ്ങൾ മാറ്റി അഞ്ചുചങ്ങല പ്രദേശവാസികൾക്ക് സ്ഥിര പട്ടയം ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ? | (ബി) (സി) പ്രസ്തുത സർവ്വെ നടപടികൾ പൂർത്തീകരിച്ച്, സംരക്ഷിത പ്രദേശത്തെ താമസക്കാരെ ഒഴിപ്പിച്ച്, ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ളതും വകുപ്പിന്റെ ആവശ്യം കഴിഞ്ഞുവരുന്നതുമായ ഭൂമിയിൽ പുനരധിവസിപ്പിക്കുന്നതിന് സ.ഉ (കൈ)77/19/റവ തീയതി 20.02.2019 അനുസരിച്ച് ജലനിരപ്പിൽ നിന്നും ഒരു മീറ്റർ ഉയരത്തിലും 10 മീറ്റർ നീളത്തിലുമുള്ള സ്ഥലം ഒഴികെയുള്ള ഭൂമി ഒഴിവാക്കി കൈവശക്കാർക്ക് 15 സെന്റ് വരെ ഭൂമി പതിച്ച് നൽകുന്നതിനുമുള്ള നടപടി തിരുവനന്തപുരം ജില്ലാ കളക്ടർ അടിയന്തിരമായി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**